## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3421 — 12.12.2014-ൽ മറുപടിക്ക്

## നഗരമാലിന്യ സംസ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) നഗരമാലിന്യ സംസ്കരണത്തിന് സംസ്ഥാന സർക്കാർ എന്തെല്ലാം പദ്ധതികളാണ് ഇതുവരെ നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 64 നഗരസഭകളിൽ ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 28.10 കോടി രൂപയും മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ നിലവിലില്ലാത്ത നഗരസഭകളിൽ പുതിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിലേയ്ക്കും നിലവിലുള്ള പ്ലാന്റുകൾ ആധുനികവൽക്കരിക്കുന്നതിലേയ്ക്കും വേണ്ടി 28.62 കോടിയും നഗരസഭകൾക്ക് സർക്കാർ സാമ്പത്തിക സഹായമായി കൈമാറിയിട്ടുണ്ട്. മാലിന്യം ഉറവിടത്തിൽത്തന്നെ തരംതിരിക്കാനും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്ക്കരിക്കാനും നടപടി എടുക്കുന്നതിന് സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിനുള്ള വ്യാപകമായ പ്രചരണ പരിപാടികളാണ് ഇപ്പോൾ നടത്തി വരുന്നത്. |
| (ബി) നഗരങ്ങളിലെ വലിയൊരളവുവരെ മാലിന്യങ്ങൾക്ക് കാരണമാകുന്ന പ്രധാനഹോട്ടലുകൾ, ആശുപത്രികൾ എന്നിവയിൽ നിന്നുണ്ടാകുന്ന മാലിന്യങ്ങളെ സംബന്ധിച്ച് എന്തു സമീപനമാണ് മാലിന്യ സംസ്കരണകാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ബി) 2012–ലെ കേരള നഗരപാലിക ചട്ടത്തിലെ ഭേദഗതി പ്രകാരം ഹോട്ടലുകളിലും, ആശുപത്രികളിലും, മറ്റു വാണിജ്യ സ്ഥാപനങ്ങളിലും, ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യം സംസ്ക്കരിക്കുന്നതിനുള്ള ചുമതല ബന്ധപ്പെട്ട സ്ഥാപന ഉടമകളുടെ ചുമതലയാണ്. ആയതുപ്രകാരം വൻകിട ഹോട്ടലുകളിൽ ഉറവിടങ്ങളിൽത്തന്നെ മാലിന്യ സംസ്ക്കരണ സംവിധാനം സ്ഥാപിച്ച് പരിപാലിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ട ഉത്തരവാദിത്തം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും, ആശുപത്രികളിലെ മാലിന്യം മാലിന്യ ഉൽപാദകർ നേരിട്ടോ പൊതു മാലിന്യ സംസ്ക്കരണം ഉപയോഗപ്പെടുത്തി കൂട്ടായോ നിർമ്മാർജ്ജനം ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ട ഉത്തരവാദിത്വം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലും നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ